# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 592

28/10/2016 - ൽ മറുപടിക്ക്

## കുടുംബശ്രീ യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ. വി.കെ.സി.മമ്മത് കോയ | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സ്ത്രീശാക്തീകരണവും സാമൂഹികപുരോഗതിയും ലക്ഷ്യമിട്ട് എൽ.ഡി.എഫ് സർക്കാർ രൂപം നൽകിയ കുടുംബശ്രീ മുൻ സർക്കാരിന്റെ കാലത്ത് പ്രതിസന്ധിയിലായതായ പരാതി പരിഹരിച്ച് ഈ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ നടപടിയെടുക്കുമോ; | (എ) | നടപടി സ്വീകരിക്കുന്നതാണ് |
| (ബി) നിലവിൽ ഏറ്റെടുത്തുവരുന്ന തൊഴിൽ മേഖലയിൽ നിന്ന് വിഭിന്നമായി സേവനമേഖലയിലെ വിവിധ സംരംഭങ്ങളും സ്വന്തമായി മൈക്രോ സംരംഭങ്ങളും ഏറ്റെടുക്കാൻ കുടുംബശ്രീ യൂണിറ്റുകളെ പ്രാപ്തമാക്കാൻ പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. സേവന മേഖലയ്ക്ക് കൂടുതൽ ഊന്നൽ നല്കികൊണ്ടുള്ള പദ്ധതികളാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ആയതിന്റെ ഭാഗമായി നിലവിലുള്ള സേവന മേഖലയിലെ സംരംഭങ്ങളായ റെയിൽവേ പാർക്കിംഗ്, സ്വാന്ത്വനം പദ്ധതി, കുടുംബശ്രീ ട്രാവൽസ്, പ്രീമിയം വെയ്റ്റിംഗ് ഹാൾ മാനേജ്മെന്റ്, ഇ-കാറ്ററിംഗ്, വനിതാ കെട്ടിട നിർമ്മാണ ഗ്രൂപ്പ്, ടാക്സി-ബസ് സർവ്വീസുകൾ എന്നിവയെ മറ്റു മേഖലകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിനു പുറമെ പുതിയ ആശയങ്ങളായ ജെൻ ഔഷധി സ്റ്റോറുകൾ, ഇ-സേവാ കേന്ദ്രം, കോൾ സെന്ററുകൾ, ജൻ ആഹാർ, ഹൗസ് കീപ്പിംഗ് യൂണിറ്റുകൾ, തെരുവ് നായ നിയന്ത്രണ യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ കുടുംബശ്രീ സ്വീകരിച്ചു വരികയാണ്. കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ, കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിൽ അവസരം ഉണ്ടാക്കുന്നതിനും പദ്ധതിയുണ്ട്. |
| (സി) മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖേന ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ വിശദാംശം നൽകുമോ? | (സി) | ജില്ലാമിഷനുകൾ വഴി തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് പരിശീലനം നൽകുകയും അവരെ ഉൾപ്പെടുത്തി 5 പേർ അടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെഎൽജി) രൂപീകരിക്കുകയും, ഈ ഗ്രൂപ്പുകൾക്ക് മൃഗസംരക്ഷണ മേഖലാ മാർഗ്ഗനിർദ്ദേശ പ്രകാരം സബ്സിഡി നൽകുകയും ചെയ്യുന്നുണ്ട്. നിലവിൽ 5 പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് ആടുഗ്രാമം പദ്ധതി വഴി 50,000/- രൂപയും, ക്ഷീരസാഗരം പദ്ധതി വഴി 2,18,750/- രൂപയും, മാംസ സുരക്ഷാപദ്ധതിയുടെ ഭാഗമായി 50,000/- രൂപയും, |

അടുക്കളത്തോട്ട-മുട്ടക്കോഴി പരിപാലനം പദ്ധതി വഴി 25,000/- രൂപയും താറാവ് വളർത്തൽ പദ്ധതിക്കായി 20,000/- രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. പശുസഖി പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി റിസോഴ്സ്/കമ്മ്യൂണിറ്റി കേഡർമാരെ തെരഞ്ഞെടുക്കുകയും വെറ്ററിനറി സർവ്വകലാശാലയുടെ സഹായത്തോടുകൂടി 10 ദിവസത്തെ വൈദഗ്ദ്ധ്യ പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുമുണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 50 പേർക്കാണ് വൈദഗ്ദ്ധ്യ പരിശീലനം നൽകുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ 4 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. (ഗുണഭോക്താക്കളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു).

അതിൽ നാളിതുവരെ ആട്ട ഗ്രാമം പദ്ധതിയിൽ 512 ഗുണഭോക്താക്കൾക്കായി 5,12,00,00/- രൂപയും ക്ഷീരസാഗരം പദ്ധതി വഴി 180 ഗുണഭോക്താക്കൾക്ക് 31,81,250/- രൂപയും പോത്തുകുട്ടി വളർത്തൽ പദ്ധതിയിൽ 275 ഗുണഭോക്താക്കൾക്ക് 27,50,000/- രൂപയും ഉൾപ്പെടെ 1,10,51,250/- രൂപ 967 ഗുണഭോക്താക്കൾക്ക് സംസ്ഥാന മിഷനിൽ നിന്നും സബ്സിഡി നൽകിയിട്ടുണ്ട്.

Liya.

സെക്ഷൻ ഓഫീസർ

അനുബന്ധം

Animal Husbandry (2016-17)

| Districts | Target (No of Beneficiaries) |
|---|---|
| TVM | 120 |
| KLM | 223 |
| PTA | 208 |
| ALP | 238 |
| KTM | 210 |
| IDK | 206 |
| ERK | 350 |
| THR | 211 |
| PLK | 238 |
| MPM | 171 |
| KZK | 220 |
| WYD | 285 |
| KNR | 172 |
| KSD | 233 |
| **Total** | **3085** |

സെക്ഷൻ ഓഫീസർ